## പതിനാലാം കേരളനിയമസഭ

## പതിനെട്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1995 | 11.02.2020-ൽ മറുപടിക്ക് |
|---|---|

### സ്റ്റുഡന്റ് പോലീസ് കേഡറ്റ് യൂണിറ്റുകൾക്ക് ഫണ്ട്

| ചോദ്യം<br>ശ്രീ. ജെയിംസ് മാത്യു | മറുപടി<br>പിണറായി വിജയൻ<br>മുഖ്യമന്ത്രി |
|---|---|
| (എ) സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ സ്റ്റുഡന്റ് പോലീസ് കേഡറ്റ് യൂണിറ്റുകൾക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് നൽകിവരുന്നത്; | (എ) SPC യൂണിറ്റുകൾക്ക് ചുവടെ പറയും പ്രകാരം തുക അനുവദിച്ചു വരുന്നു. |

| Sl.No. | ITEMS |
|---|---|
| 1 | Refreshment for 88 cadets |
| 2 | Uniform for 44 new cadets |
| 3 | Uniform for CPOs |
| 4 | School level vacation camp (Onam & X'mas |
| 5 | Honorarium for CPO/ACPO |
| 6 | Drill Instructor's Special allowance |
| 7 | Honorarium for Indoor Class faculties |
| 8 | Community Projects |

നിലവിൽ രണ്ടു വർഷത്തെ പരിശീലനം 75% അറ്റൻഡൻസോടു കൂടി പൂർത്തിയാക്കുന്ന കേഡറ്റുകൾക്ക് എസ് .എസ് .എൽ .സി /പ്ലസ് ടു വാർഷിക പരീക്ഷകളിൽ ഗ്രേസ് മാർക്ക് നൽകി വരുന്നു.

| | |
|---|---|
| (ബി) 2014-വരെ എസ്.പി.സി. ഫണ്ട് എയ്ഡഡ് സ്കൂളിനും സർക്കാർ സ്കൂളിനും ഒരുപോലെ കൊടുത്തിരുന്നോ; അതിന് ശേഷം ഫണ്ട് നൽകുന്നില്ല എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) സർക്കാർ സ്കൂളുകൾക്ക് ഫണ്ട് അനുവദിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | 2014-ന് ശേഷം എസ്.പി.സി യൂണിറ്റ് തുടങ്ങിയ എല്ലാ സർക്കാർ സ്കൂളിനും ഫണ്ട് നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ എന്തുകൊണ്ടാണ് ഇതിൽ എയ്ഡഡ് സ്കൂളുകളെ ഉൾപ്പെടുത്താതിരിക്കുന്നതെന്നു വിശദമാക്കാമോ; | (സി) | 2014-2015 കാലയളവിൽ പദ്ധതി ആരംഭിച്ച എയ്ഡഡ് സ്കൂളുകൾ സ്വന്തം നിലയിലും പദ്ധതി നടപ്പിലാക്കുവാൻ സന്നദ്ധത അറിയിച്ചതു പ്രകാരമാണ് പ്രസ്തുത സ്കൂളുകളിൽ യൂണിറ്റ് അനുവദിച്ചിട്ടുള്ളത്. |
| (ഡി) | എയ്ഡഡ് സ്കൂളുകൾക്ക് എസ്.പി.സി. ഫണ്ട് തുടർന്നും ലഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിൽ ഉണ്ടോ; വിശദമാക്കാമോ? | (ഡി) | സർക്കാർ പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി എസ്.പി.സി പദ്ധതി നടപ്പിലാക്കിയിട്ടുള്ള സ്കൂളുകൾക്ക് എസ്.പി.സി ഫണ്ട് അനുവദിക്കുന്നതിൽ തടസ്സമില്ല. |

സെക്ഷൻ ഓഫീസർ